# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 926 02.12.2015-ൽ മറുപടിക്ക്

**മഴവെള്ള സംഭരണം ജനകീയമാക്കുവാൻ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.എ.മാധവൻ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, എം.പി.വിൻസെൻറ്**<br>**,, സി.പി.മുഹമ്മദ് :** | | **ശ്രീ. പി.ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ. | സംസ്ഥാനത്ത് മഴവെള്ള സംഭരണം ജനകീയമാക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ. ഉണ്ട്. |
| ബി | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | ബി. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതികൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ 2 ഭവനത്തിലേയ്ക്ക് 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചു വരുന്നത്.<br>ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>➢ മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക.<br>➢ കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴ |

വെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക.

- വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കുക.
- മഴവെള്ളം സംഭരിച്ച് ജലാശയങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

| | |
|---|---|
| സി പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി 2002 മുതൽ കേരള വാട്ടർ അതോറിറ്റി വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ചെലവിന്റെ 90% കേന്ദ്ര സഹായവും, 10% ഉപഭോക്തൃ വിഹിതവുമാണ്. എൻ.ജി.ഒ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കെ.ആർ.ഡബ്ല്യൂ.എസ്.എ.യുടെ ഭാഗമായുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം. സി.സി.ഡി.യു, ഗ്രാമ പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ ഭരണ-നിർവ്വഹണ സംവിധാനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ